**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3155** **01-03-2023 - ൽ മറുപടിയ്ക്ക്**

**കാരവൻ ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി ആരംഭിച്ച കാരവൻ ടൂറിസം പദ്ധതിയിൽ എത്ര സംരംഭകർ അംഗമായിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | കോവിഡാനന്തര കേരളത്തിലെ ടൂറിസം മേഖലയിൽ ഒരു കുതിച്ചു ചാട്ടമുണ്ടാക്കാൻ വിനോദ സഞ്ചാര വകുപ്പ് നടപ്പിലാക്കിയ നവീന പദ്ധതിയായ കാരവൻ ടൂറിസത്തിന് മികച്ച പ്രതികരണമാണ് ലഭിച്ചിട്ടുള്ളത്. കേരളത്തിലെ അധികം അറിയപ്പെടാത്ത ടൂറിസം കേന്ദ്രങ്ങളിൽ എത്തിച്ചേരുവാനും അവിടെ താമസിച്ച് അവിടുത്ത പ്രകൃതി ഭംഗി ആവോളം ആസ്വദിക്കാനും കാരവൻ ടൂറിസം പദ്ധതിയിലൂടെ സഞ്ചാരികൾക്ക് സാധിക്കുന്നതാണ്. ഇതിനു പുറമെ, ടൂറിസം വികസനം സാധ്യമാകാത്ത ഡെസ്റ്റിനേഷനുകളിൽ എത്തിച്ചേരാനും അവിടെ താമസിച്ച് അവിടുത്തെ പ്രകൃതി ഭംഗി ആസ്വദിക്കാനും കാരവൻ ടൂറിസം മുഖേന സാധ്യമാകുന്നതാണ്. കാരവൻ ടൂറിസം പദ്ധതിയിൽ നിലവിൽ 10 സംരംഭകർ സജീവമാണ്. നിലവിൽ ഈ പദ്ധതി പ്രാരംഭ ഘട്ടത്തിലായതിനാൽ ജി.എസ്.ടി., രജിസ്ട്രേഷൻ ടാക്സ് എന്നീ ഇനങ്ങളിലുള്ള വരുമാനമാണ് ലഭിക്കുന്നത്. |
| (ബി) | കാരവൻ ടൂറിസം സംസ്ഥാനത്ത് നടപ്പിലാക്കിയതിലൂടെ ടൂറിസം മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടാക്കാൻ കഴിഞ്ഞതെന്നത് വിശദമാക്കാമോ; | (ബി) | എ പിരിവിലെ അതെ മറുപടി |
| (സി) | കേരളത്തിലെ ഏത് പ്രദേശങ്ങളിലാണ് കാരവൻ ടൂറിസത്തിന് കൂടുതൽ സാധ്യതയുള്ളതെന്ന് വിശദമാക്കാമോ; | (സി) | എ പിരിവിലെ അതെ മറുപടി |
| (ഡി) | കാരവൻ ടൂറിസവുമായി ബന്ധപ്പെട്ട് 2021, 2022 വർഷങ്ങളിൽ എത്ര രൂപയുടെ വരുമാനം സർക്കാരിന് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | എ പിരിവിലെ അതെ മറുപടി |

സെക്ഷൻ ഓഫീസർ